NURSING HOME
JOB CONSULTANCY

# സ്കൂൾതല അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-26

## സി.എം.എസ്.എൽ.പി സ്കൂൾ ചുങ്കപ്പാറ

വിദ്യാഭ്യാസജില്ല : പത്തനംതിട്ട

ഉപജില്ല : മല്ലപ്പള്ളി

# ആമുഖം

പത്തനംതിട്ട ജില്ലയിലെ തിരുവല്ല വിദ്യാഭ്യാസ ജില്ലയിലെ മല്ലപ്പള്ളി ഉപജില്ലയിലെ ചുങ്കപ്പാറ പ്രദേശത്തുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ് സി. എം. എസ്. എൽ. പി. എസ്. ചുങ്കപ്പാറ. 1898ൽ സ്ഥാപിതമായ ഈ വിദ്യാലയം ആരംഭകാലത്ത് പള്ളിക്കൂടവും പ്രാർത്ഥനാലയവുമായി സ്ഥാപിച്ച ഈ സ്ഥാപനം കോട്ടാങ്ങൽ, ചുങ്കപ്പാറ, നാഗപ്പാറ, നിർമ്മലപുരം, പെരുമ്പെട്ടി തുടങ്ങിയ പ്രദേശങ്ങളിലുള്ള ജനങ്ങളുടെ ആദ്യത്തെ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള ഏക സ്ഥാപനമായിരുന്നു. സി. എസ്. ഐ മധ്യകേരള മഹായിടവകയുടെ കീഴിലുള്ള സി. എം. എസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ചുങ്കപ്പാറ സി. എം. എസ്. എൽ. പി സ്കൂൾ, കൊറ്റനാട് സെന്റ്. സ്റ്റീഫൻസ് സി. എസ്. ഐ ചർച്ചിനു കീഴിലാണ് പ്രവർത്തിക്കുന്നത്.

ചുങ്കപ്പാറയുടെ വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് ചലനാത്മകമായ മാറ്റം സൃഷ്ടിച്ച ഈ വിദ്യാലയം വർഷമായി ഇവിടെ നില കൊള്ളുന്നു. ഗൃഹാതുരത്വം

തുളുമ്പുന്ന ഈ വിദ്യാലയം കെട്ടിലും മട്ടിലും പഴമയുടെ ഓർമപ്പെടുത്താൻ കൂടിയാണ്.

ഒന്നുമുതൽ നാല് വരെയുള്ള ക്ലാസുകളിലായി 43 കുട്ടികൾ അധ്യയനം നടത്തുന്നു. സി.എം.എസ്. എൽ.പി. സ്കൂൾ ചുങ്കപ്പാറയിൽ രണ്ട് അധ്യാപികമാരും രണ്ട് ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന അധ്യാപകരും പ്രവർത്തിച്ചുവരുന്നു. സബ്ജില്ലാതല കലാശാസ്ത്ര പ്രവർത്തി പരിചയ മേളകളിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും മികച്ച ഗ്രേഡുകൾ നേടുകയും ചെയ്തിട്ടുണ്ട്. 2024-2025 അധ്യയന വർഷത്തിൽ LSS scholarship ന് ഒരു കുട്ടി അർഹനായി. ക്ലാസ്മുറികളിൽ ആവശ്യത്തിന് ഉപകരണങ്ങളും ഫാൻ, ലൈറ്റ് കുടിവെള്ള സൗകര്യം എന്നിവയും ഒരുക്കിയിട്ടുണ്ട്.

## പരിമിതികൾ

- വിവരസാങ്കേതിക വിദ്യകളുടെ സഹായത്തോടുകൂടി പഠനത്തിനാവശ്യമായ Laptop കൾ എല്ലാ ക്ലാസിലും ഇല്ല.
- ആരോഗ്യകായിക വിദ്യാഭ്യാസത്തിനുതകുന്ന രീതിയിലുള്ള

വേണ്ടത്ര ഉപകരണങ്ങളുടെ ലഭ്യത കുറവ്.

## കാഴ്ചപ്പാട്

- എല്ലാ ക്ലാസിലേക്കും ക്ലാസ് ലൈബ്രറി ക്രമീകരിക്കുക
- തുടർന്നു വരുന്ന അധ്യയന വർഷങ്ങളിൽ വിദ്യാലയം അക്കാദമിക മികവിൽ എത്തിക്കുക.
- പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക.

## പൊതുലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനനേട്ടങ്ങൾ കൈവരിച്ചു എന്ന് ഉറപ്പാക്കും.
- എല്ലാ കുട്ടികൾക്കും ഭാഷ, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പാക്കുക.
- പരിസ്ഥിതി സൗഹൃദ വിദ്യാലയമാക്കി മാറ്റും.
- മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ദോഷവശങ്ങളെ പറ്റി കുട്ടികൾക്ക് അവബോധം സൃഷ്ടിക്കും.

- പ്ലാസ്റ്റിക് വിമുക്ത വിദ്യാലയമാക്കി മാറ്റി നടപ്പാക്കും.
- ഹരിത വിദ്യാലയം ഉറപ്പാക്കും.
- ആരോഗ്യ കായികം, കലാ പ്രവൃത്തി പരിചയ വിഷയങ്ങളിൽ അഭിരുചി വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകും.

# ഭാഷ · മലയാളം

മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | വർഷം മുഴുവൻ | SRG, CPTA | PTA |
| * വായിക്കാം വളരാം | ക്ലാസ് വായനക്കൂട്ടം<br>ക്ലാസ് ലൈബ്രറി ഒരുക്കൽ<br>പുസ്തക പരിചയം<br>വായനാക്കുറിപ്പ്<br>ആസ്വാദനക്കുറിപ്പ്<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>CPTA | PTA |
| * എഴുതാം തെളിയാം | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയശേഷികൾ | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| * അറിവ് ഡോക്യുമെൻ്ററിയിലൂടെ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG ക്ലാസ് അധ്യാപകർ | PTA |
| * രുചിച്ചറിയാം നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള സ്കൂളിലൊരു സദ്യ പാചകക്കുറിപ്പടങ്ങിയ പതിപ്പ് | ആവശ്യാനുസരണം | SRG | PTA |
| * ഓർക്കാം അറിഞ്ഞിരിക്കാം. സാഹിത്യകാരന്മാരുടെ ജന്മ-ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ, അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ ഡോക്യുമെൻ്ററി പ്രദർശനം പുസ്തക പരിചയം ക്വിസ്, ലഘു പ്രഭാഷണം പതിപ്പ് നിർമ്മാണം | ആവശ്യാനുസരണം | SRG | PTA |
| * സർഗ്ഗോത്സവം ഭാഷാ പഠനത്തിൻ്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗശേഷി പ്രദർശനം | വർഷത്തിലൊന്ന് | HM, SRG, Class Teachers | PTA |
| അമ്മ വായന | CPTA യിൽ അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കൽ | CPTA | SRG | PTA |
| രചനാശില്പശാല | സർഗ്ഗാത്മകത വളർത്താൻ കഥ, കവിതാരചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ ജനുവരി | SRG | PTA |

# ENGLISH

| | Programme | Activity | Duration | Charge | Expe. |
|---|---|---|---|---|---|
| 1. | Increasing vocabulary. | * Alphabet cards, Word cards, Sentence cards.<br>* Making words and Sentences<br>* Puzzles, Riddles,<br>* Word web. | June to February | Class Teacher | PTA |
| 2. | Developing language Skills. | Thoughts, Description, word game.<br>Dictionary making<br>Story telling, Action Song<br>Newspaper reading, Role-play<br>Choreography, English Assembly<br>Reading Cards, text book Activities. | July to February | Class Teacher | PTA |
| 3. | Developing performance Skills. | English fest. | March | HM<br>Class teacher | PTA |
| 4 | Writing Skills | Add more lines, magazine | June to March | " , | PTA |

# ഗണിതം

| ലക്ഷ്യം. | പ്രവർത്തനം. | ചുമതല | കാലം | [illegible] |
|---|---|---|---|---|
| • കുട്ടികളുടെ നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ. | • ഗണിത മാഗസിൻ<br>• ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം.<br>• വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ | SRG ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | PTA |
| • ഗണിത ചിന്താശേഷി വളർത്തൽ | • ഒരു ദിനം ഒരു ചോദ്യം. (കുസൃതി കണക്കുകൾ, ഗണിത പസിലുകൾ) | SRG ക്ലാസ് അധ്യാപകർ | ആഴ്ചയിൽ ഒന്ന് വീതം | PTA |
| • ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | • ഗണിതകിറ്റ് തയ്യാറാക്കൽ<br>• സംഖ്യാഗാനം<br>• അബാക്കസ്<br>• കളിനോട്ടുകൾ. | രക്ഷിതാവ് ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | PTA |

# പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനം. | കാലയളവ് | ചുമതല | സാമ്പത്ത |
|---|---|---|---|---|
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും. | • പുഷ്പോദ്യാനം ഔഷധത്തോട്ടം, ചുറ്റുവട്ടത്തെ പ്രകൃതി നടത്തം നടക്കുക.<br>• കാണാക്കാഴ്ചകൾ കാണുന്നു. ആസ്വദിക്കുന്നു.<br>• സ്കൂൾ അടുക്കള തോട്ട നിർമ്മാണം. | ജൂൺ ഒക്ടോബർ | ടീച്ചേഴ്സ് SRG നാട്ടുകാർ | PTA |
| ശാസ്ത്രാവബോധം വളർത്തുക. | • കണ്ടെത്താം അറിയാം<br>• ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>• ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം.<br>• ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ.<br>• ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | വർഷം മുഴുവൻ | HM SRG ക്ലാസ്ടീച്ചർ | PTA |
| ശുചിത്വബോധമുള്ള വ്യക്തിത്വവും | • ശുചിത്വസർവ്വേ ക്ലാസുകൾ.<br>• പോസ്റ്റർ രചനാമത്സര അവതരണങ്ങൾ. | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ SRG | PTA |

| | | | | |
|---|---|---|---|---|
| • ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം. | വർഷത്തിലൊന്ന്. | HM, SRG ക്ലാസ്ടീച്ചർ | PTA |
| **ലഹരി വിമുക്ത വിദ്യാലയം** | | | | |
| • ലഹരിപദാർത്ഥങ്ങൾ വരുത്തിവയ്ക്കുന്ന മാരക പ്രശ്നങ്ങൾ. | • ബോധവൽക്കരണ ക്ലാസ്<br>• ലഹരിവിരുദ്ധ ദിനം ആചരിക്കൽ, പോസ്റ്റർ രചന, പ്ലക്കാർഡ് നിർമ്മാണം<br>• [illegible] പരിശീലനം. | വർഷം മുഴുവൻ | ടീച്ചർ HM PTA | PTA. |
| **പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം.** | | | | |
| സ്കൂൾ അങ്കണം പ്ലാസ്റ്റിക് വിമുക്തമാക്കൽ. | • പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ വിദ്യാലയത്തിൽ ശേഖരിച്ച് ഹരിത സേനാംഗങ്ങൾക്ക് കൊടുക്കുന്നു.<br>• ഡ്രൈ ഡേ<br>• ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കുന്നു. | വർഷം മുഴുവൻ | PTA ടീച്ചർ HM | PTA |